# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 14-06-2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. വിദേശ പര്യടനത്തിനായി ഫ്രാൻസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.

**Prime Minister Narendra Modi, who arrived in France for a foreign tour, will meet the French President today.**

2. കഴിഞ്ഞ 12 വർഷമായി സാധാരണ ക്കാർക്ക് താങ്ങാവുന്ന രീതിയിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന് സാധിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi said that the central government has been able to implement healthcare activities in an affordable way for the common man in the last 12 years.**

3. ആഗോള ഓൺലൈൻ യോഗ പരിപാടി സംഘടി പ്പിച്ച് ആയുഷ് മന്ത്രാലയം. അതിരുകൾക്കപ്പുറം മനുഷ്യത്വത്തെ ഒന്നിപ്പിക്കാൻ യോഗയ്ക്ക് കഴിയുമെന്ന് കേന്ദ്രമന്ത്രി പ്രതാപ് റാവു ജാദവ്.

AYUSH Ministry organizes a global online yoga program. Union Minister Pratap Rao Jadhav said that yoga can unite humanity across borders.

4. ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാറിൽ ഇന്ന് ഒപ്പുവെക്കുമെന്ന് യുഎസ് പ്രസിഡന്റ്. കരാർ ഒപ്പുവയ്ക്കൽ ഉറപ്പിക്കാതെ ഇറാൻ.

US President says that an agreement to end the war with Iran will be signed today. Iran does not confirm the signing of the agreement

5. കേരളത്തിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

The Central Meteorological Department says that there is a possibility of heavy rain and wind in Kerala.

6. ഫിഫ ലോകകപ്പിൽ ഓസ്ട്രേലിയയ്ക്കും സ്കോട് ലാൻഡിനും ജയം. വനിത T20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം.

Australia and Scotland win in the FIFA World Cup. India – Pakistan clash in the Women's T20 World Cup cricket today.

&&&&&&&&&&&&&&&&&

HEADLINE-1

PM- France (INTRO)

*ദ്വിരാഷ്ട്ര പര്യടനത്തിന്റെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിൽ എത്തിച്ചേർന്നു. ഫ്രഞ്ച് നഗരമായ നീസിൽ എത്തിയ ശ്രീ. മോദിക്ക് ഊഷ്മള വരവേൽപ്പാണ് ലഭിച്ചത്. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. ഇന്ത്യയുടെ നവീകരണ - സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ പ്രദർശിപ്പിക്കുന്ന ഭാരത് ഇന്നൊവേറ്റ്സ് പരിപാടിക്ക് പ്രധാനമന്ത്രിയും ഫ്രഞ്ച് പ്രസിഡന്റും സംയുക്തമായി ഇന്ന് തുടക്കം കുറിക്കും. തുടർന്ന് പ്രധാനമന്ത്രി സ്ലോവാക്യയിലേക്ക് തിരിക്കും. നീസിൽ തനിക്ക് ലഭിച്ച ഊഷ്മള സ്വീകരണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ പ്രവാസികൾക്ക് നന്ദി പറഞ്ഞു.*

*കൂടുതൽ വിവരങ്ങളുമായി ഫ്രാൻസിൽ നിന്നും ആകാശവാണി പ്രതിനിധി ശൈലേഷ് മേനോൻ .*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**TRUMP-PM MODI**

ഫ്രാൻസിൽ നടക്കാനിരിക്കുന്ന ജി-7 ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഉൾപ്പടെയുള്ള ലോക നേതാക്കളുമായി കൂടിക്കാഴ്ച നടത്തും. ബുധനാഴ്ച, ട്രംപ് പ്രധാനമന്ത്രിയുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ സാമ്പത്തിക വളർച്ച, വിതരണ ശൃംഖലകൾ, നിർമിത ബുദ്ധി, ആഗോള സുരക്ഷാ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**PM - SERBIA PRESIDENT**

തുടർച്ചയായി ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചതിൽ ആശംസകൾ അറിയിച്ച സെർബിയൻ പ്രസിഡന്റ് അലക്സാണ്ടർ വുസിക്കിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി അറിയിച്ചു. സെർബിയയുമായുള്ള സൗഹൃദത്തെ ഇന്ത്യ

വളരെയധികം വിലമതിക്കുന്നുവെന്നും വരും വർഷങ്ങളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം കൂടുതൽ ശക്തമായി വളരുമെന്നും ശ്രീ മോദി സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-2

### PM-HEALTH 12TH YEARS

കഴിഞ്ഞ 12 വർഷമായി സാധാരണക്കാർക്ക് താങ്ങാവുന്ന രീതിയിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന് സാധിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സംരക്ഷണ പദ്ധതിയായ ആയുഷ്മാൻ ഭാരതിലൂടെ സാധാരണക്കാർക്ക് ഉയർന്ന നിലവാരമുള്ള ചികിത്സ നൽകുന്ന രാജ്യമായി അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. ആരോഗ്യകരമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കുന്നതിനായി സർക്കാർ ഇത്തരം പ്രവർത്തനങ്ങൾ തുടരുമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-5

### US-IRAN DEAL

ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാറിൽ ഇന്ന് ഒപ്പുവെക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇതിന്റെ ഭാഗമായി തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് എല്ലാവർക്കുമായി തുറന്നുകൊടുക്കുമെന്നും ട്രംപ് സാമൂഹിക മാധ്യമത്തിലൂടെ അറിയിച്ചു. എന്നാൽ കരാർ പ്രതീക്ഷിച്ച രീതിയിൽ മുന്നോട്ട് പോയില്ലെങ്കിൽ തിരിച്ചടിയുണ്ടാകുമെന്നും ട്രംപ് പറഞ്ഞു. അതേസമയം, കരാറിൽ ഒപ്പുവയ്ക്കുന്നത് ഉടനടി നടക്കാൻ സാധ്യതയില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് എസ്മായിൽ ബഗായ് അറിയിച്ചു.

&&&&&&&&&&&&&&&&&&

### ISRO

ചന്ദ്രോപരിതലത്തിലെ അതിശൈത്യത്തിൽ നിന്നും ലാൻഡറുകളെ സംരക്ഷിക്കുന്നതിന് കൃത്രിമ താപ സംവിധാനം വികസിപ്പിക്കാൻ ആണവോർജ വകുപ്പുമായി സഹകരിക്കുമെന്ന് ISRO ചെയർമാൻ വി നാരായണൻ. ബെംഗളൂരുവിൽ നടന്ന CSIR-റൈസ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ചന്ദ്രന്റെ തണുത്തുറഞ്ഞ കാലാവസ്ഥയിൽ ചുരുങ്ങിയത് 200 ദിവസമെങ്കിലും നിലനിൽക്കാൻ സാധിക്കുന്ന പുതിയ ലാൻഡർ വികസിപ്പിക്കുകയാണ് ലക്ഷ്യമെന്നും ISRO മേധാവി പറഞ്ഞു.

&&&&&&&&&&&&&&&&&&

**NADDA – WORLD BLOOD DONOR DAY**

ഇന്ന് ലോക രക്തദാന ദിനം. രക്തദാനത്തിൻറെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിനായി എല്ലാ വർഷവും ജൂൺ 14-നാണ് ലോക രക്തദാന ദിനമായി ആചരിക്കുന്നത് 'മനുഷ്യത്വത്തിന്റെ ഒരു തുള്ളി, രക്തം നൽകൂ , ജീവൻ രക്ഷിക്കൂ' എന്നതാണ് ഈ വർഷത്തെ പ്രമേയം. രക്തദാനം ജീവൻ രക്ഷിക്കാനുള്ള ലളിതമായ മാർഗ്ഗമാണെന്നും, മിഥ്യാധാരണകൾ മാറ്റി എല്ലാവരും രക്തദാനത്തിനായി മുന്നോട്ടുവരണമെന്നും കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ സമൂഹമാധ്യമത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-3**

**ONLINE YOGA SESSION – INTRO**

***അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി, ആയുഷ് മന്ത്രാലയം ആഗോള ഓൺലൈൻ യോഗ പരിപാടി സംഘടിപ്പിച്ചു. ഗിന്നസ് ലോക റെക്കോർഡ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ***

*നടന്ന പരിപാടിയിൽ 130-ലധികം രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു. ചടങ്ങിൽ ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് പങ്കെടുത്തു . യോഗ ഒരു ജനകീയ പ്രസ്ഥാനമായി മാറിയെന്നും , അതിരുകൾക്കപ്പുറം മനുഷ്യത്വത്തെ ഒന്നിപ്പിക്കാൻ യോഗയ്ക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.*

*(വോയിസ് -ആയുഷ് മന്ത്രി .....)*

*ജൂൺ 21-ന് നടക്കുന്ന അന്താരാഷ്ട്ര യോഗ ദിന പരിപാടികളിൽ എല്ലാവരും പങ്കെടുക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.*

&&&&&&&&&&&&&&&&&

**KIRTI VARDHAN – TAJIKISTAN**

ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ പ്രചോദിപ്പിക്കുന്ന കാലാതീതമായ മൂല്യങ്ങളെ യോഗ പ്രതിഫലിപ്പിക്കുന്നുവെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്. അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി താജിക്കിസ്ഥാനിലെ ദുഷാൻബെയിൽ നടന്ന യോഗാ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

**HEADLINE-6**

**FIFA WORLD CUP**

ഫിഫ ലോകകപ്പിൽ ഇന്ന് രാവിലെ നടന്ന മത്സരങ്ങളിൽ ഓസ്‌ട്രേലിയയ്ക്കും സ്കോട് ലാൻഡിനും ജയം. തുർക്കിക്കെതിരെ എതിരില്ലാത്ത രണ്ടു ഗോളുകൾക്കാണ് ഓസ്‌ട്രേലിയയുടെ ജയം. എതിരില്ലാത്ത ഒരു ഗോളിനാണ് സ്കോട് ലാൻഡ് ഹെയ്ത്തിയെ പരാജയപ്പെടുത്തിയത്. പുലർച്ചെ നടന്ന ഖത്തർ-സ്വിറ്റ്സർലാന്റ് , ബ്രസീൽ-മൊറോക്കോ മത്സരങ്ങൾ സമനിലയിൽ കലാശിച്ചു. ഇന്ന് രാത്രി നടക്കുന്ന മത്സരത്തിൽ ജർമനി - ക്യൂറസാവോയെ നേരിടും.

&&&&&&&&&&&&&&&&&

## ICC WOMEN WORLD CUP

ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. ബിർമിംഹാമിൽ രാത്രി 7 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&

## HEADLINE-5

## RAIN -KERALA

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല.

&&&&&&&&&&&&&&&&&

## NIPAH

നിപ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ ആരോഗ്യ മന്ത്രി കെ. മുരളിധരൻ കോഴിക്കോടെത്തി. കലക്ട്രേറ്റിൽ അവലോകന യോഗത്തിൽ മന്ത്രി പങ്കെടുക്കുകയാണ്. തുടർന്ന് മെഡിക്കൽ കോളെജ് ആശുപത്രിയിൽ അദ്ദേഹം സന്ദർശനം നടത്തും. നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുകയാണ്. സമ്പർക്ക പട്ടികയിൽ ഉള്ള 4 പേരെ കൂടി ഇന്നലെ നിരീക്ഷണത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അതേസമയം നിപ പ്രതിരോധ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ തയ്യാറാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&

## SHIGELLA

കേരളത്തിൽ ആരോഗ്യ - ഭക്ഷ്യസുരക്ഷാ വകുപ്പുകളുടെ നേതൃത്വത്തിൽ ഷിഗല്ല പ്രതിരോധ പ്രവർത്തനങ്ങൾ തുടരുന്നു. വയനാട്, മലപ്പുറം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്നലെ തൃശൂർ വടക്കാഞ്ചേരി

മംഗലത്ത് 2 കുട്ടികൾക്ക് രോഗബാധ സ്ഥിരീകരിച്ചു. പ്രദേശത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## CENSUS

2027 സെൻസസിന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ സൗകര്യം കേരളത്തിൽ ഈ മാസം 16 മുതൽ 30 വരെ ലഭ്യമാകും. ജൂലൈ 1 മുതൽ 30 വരെയാണ് സെൻസസിന്റെ ഒന്നാം ഘട്ടം. രാജ്യത്തെ ആദ്യ ഡിജിറ്റൽ സെൻസസാണ് ആരംഭിക്കുന്നത്.

&&&&&&&&&&&&&&&&&&

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## ED US CASE

സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തിയെന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ പരാതിയെ തുടർന്ന് യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനെതിരെ ബെംഗളൂരു പോലീസ് കേസെടുത്തു. സ്ഥാപനത്തിന്റെ വിദേശ ഫണ്ടുകൾ രാജ്യത്തെ നക്സൽ ബാധിത പ്രദേശങ്ങളിൽ അനധികൃതമായി വിനിയോഗിച്ചുവെന്നതാണ് ഇ ഡിയുടെ ആരോപണം. ഈ വർഷം ഏപ്രിൽ മാസം നടത്തിയ പരിശോധനയിലാണ് സ്ഥാപനം ഫെമ നിയമം ലംഘിച്ചതായി കണ്ടെത്തിയതെന്ന് ഇ ഡി അറിയിച്ചു.

&&&&&&&&&&&&&&&&&&

## ALAKH-APPOINTED CHAIRMAN

തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ സംബന്ധിച്ച ഉന്നതതല സാങ്കേതിക വിദഗ്ദ്ധ സമിതിയുടെ ചെയർമാനായി സാമ്പത്തിക വിദഗ്ദ്ധൻ പ്രൊഫസർ അലഖ് എൻ. ശർമ്മയെ കേന്ദ്ര സർക്കാർ നിയമിച്ചു. നിലവിൽ അദ്ദേഹം

മാനവ വികസന കേന്ദ്രത്തിൻറെ ഡയറക്ടറാണ്. അന്താരാഷ്ട്ര നിലവാരത്തിൽ രാജ്യത്തെ തൊഴിൽ സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കുകയാണ് സമിതിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&